**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **3433** **12.05.2017**-ലെ മറുപടിക്ക്

**ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.അനിൽ അക്കര** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതിക്കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3,00,000/- രൂപയും ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം 3,50,000/- രൂപയും അനുവദിച്ചു നൽകുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം 2016-17 വർഷം 14946 വീട് അനുവദിച്ചു നൽകുകയും ആയതിൽ 967 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2007-08 വർഷം മുതൽ അനുവദിച്ച വീടുകളിൽ പണി പൂർത്തിയാകാതെ അവശേഷിച്ച 16360 വീടുകളുടെ പൂർത്തീകരണത്തിനായി സ്പിൽ ഓവർ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചു വരുന്നുണ്ട്. 2007-08 മുതൽ അനുവദിച്ചതിൽ പൂർത്തിയാകാതെ അവശേഷിച്ച 16360 വീടുകളിൽ 4567 വീടുകൾ ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ 2007-08 മുതൽ ദീർഘകാലമായി മുടങ്ങിക്കിടന്ന വീടുകൾ പൂർത്തീകരിക്കുന്നതിനായി ഒരു പ്രത്യേക പാക്കേജ് എന്ന നിലയിൽ 55 കോടി രൂപയുടെ പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഒട്ടാകെ 2016-17 സാമ്പത്തിക വർഷം 373.67 കോടി രൂപ ഭവന നിർമ്മാണത്തിനായി ചിലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പട്ടികജാതി കുടുംബങ്ങളുടെ വാസയോഗ്യമല്ലാത്ത വീടുകൾ നന്നാക്കുന്നതിനുള്ള ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം? | (ബി), | പട്ടികജാതി വിഭാഗക്കാരുടെ 5 മുതൽ 25 വരെ വർഷം പഴക്കം ചെന്ന വീടുകൾ വാസയോഗ്യമാക്കുന്നതിന് ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതി പ്രകാരം 50,000/- രൂപ ധനസഹായമായി അനുവദിച്ചു വരുന്നു. ടി തുക രണ്ട് ഗഡുക്കളായി ഇ-ഹൗസിംഗ് സോഫ്റ്റ് വെയർ മുഖേന ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം 2016-17 വർഷം 7167 വീടുകൾക്ക് ഭവന പുനരുദ്ധാരണ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി 31,52,75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ